# യാത്ര ദൈർഘ്യമേറിയതാണ്

അബൂദർറ് എടയൂർ

عَنْ أَبِي ذَر الغَفَاري رَضِي الله عَنْهُ قَالَ : أَوْصَاني خَلِيلِي – ﷺ – بِأَرْبَع كَلِمَات ، هُنَّ إِلَيَّ أَحَبُّ مِنَ الدنْيَا وَمَا فيهَا ، قَالَ لِي : يَا أَبَاذر : أَحْكِم السَّفِينَةَ فَإِنَّ الْبَحْرَ عَمِيقٌ ، وَاسْتَكْثِر الزَّادَ فَإِنَّ السَّفَرَ طَوِيلٌ ، وَخَفِّفْ عَنْ ظَهْرِك فَإِنَّ الْعَقَبَةَ كَؤُودٌ ، وَأَخْلِص العَمَلَ فَإِنَّ النَّاقِدَ بَصِيرٌ.

അബൂദർറി(റ)ൽ നിന്ന് നിവേദനം: എന്റെ ആത്മ മിത്രമായ പ്രവാചകൻ(സ) നാല് കാര്യങ്ങൾ എന്നോട് ഉപദേശിച്ചു. ഇഹലോകത്തേക്കാളും അതിലുള്ള വിഭവങ്ങളേക്കാളും അവയാണ് എനിക്ക് പ്രിയങ്കരം. തിരുമേനി(സ) എന്നോട് പറഞ്ഞു: അല്ലയോ അബൂദർറ്, നീ കപ്പലിനെ ഭദ്രമാക്കുക; നിശ്ചയം, സമുദ്രം ആഴമേറിയതാണ്. നീ പാഥേയം കൂടുതൽ സമാഹരിക്കുക; നിശ്ചയം, യാത്ര ദൈർഘ്യമേറിയതാണ്. നിന്റെ മുതുകിലെ ഭാരം നീ ലഘൂകരിക്കുക; നിശ്ചയം, (നിനക്ക് താിക്കടക്കാനുള്ള)മലമ്പാത ഏറെ ദുർഘടമാണ്. കർമം നിഷ്കളങ്കമാക്കുക; നിശ്ചയം, നിരൂപകൻ സൂക്ഷ്മ ദൃക്കാണ്.

അതിബൃഹത്തായ ആശയ സാഗരങ്ങൾ സംക്ഷിപ്തമായും വശ്യമായും നമ്മുടെ മനസിലേക്ക് സന്നിവേശിപ്പിക്കുകയാണ് ഈ പ്രവാചക വചനം. ജീവിതത്തെ സംബന്ധിച്ച അടിസ്ഥാന കാഴ്ചപ്പാടുകളാണ് ഇതിന്റെ ഇതിവൃത്തം.

ഇഹലോകമെന്ന അഗാധസമുദ്രത്തിലൂടെ സ്വർഗമെന്ന തീരം ലക്ഷ്യമാക്കി നീങ്ങുന്ന കപ്പലിനോട് പ്രവാചകൻ ജീവിതത്തെ ഉപമിക്കുകയാണ്. ജീവിതമാകുന്ന കപ്പലിന്റെ എഞ്ചിനും ബോഡിയും കുറ്റമറ്റതല്ലെങ്കിൽ പ്രതികൂല സാഹചര്യങ്ങളെ പ്രതിരോധിക്കാനാവാതെ യാത്രാമധ്യേ അത് തകർന്നുതരിപ്പണമാവും. സുരക്ഷിതമായി ലക്ഷ്യസ്ഥാനം പ്രാപിക്കില്ല. കപ്പലിന്റെ അടിത്തട്ടിൽ ഒരു ദ്വാരം വീണാൽ വെള്ളം ഉള്ളിലേക്ക് ഇരച്ചുകയറി കപ്പൽ മുങ്ങും.

ആദർശത്തിലെ പുഴുക്കുത്തുകളും അന്ധവിശ്വാസങ്ങളും ഈ കപ്പലിന്റെ തകർച്ചക്ക് ഹേതുവാകുന്ന സുഷിരങ്ങളാണ്. അത് നമ്മുടെ യഥാർഥ ജീവിതം തകർക്കും. അതിനാൽ കൊടുങ്കാറ്റുകളെയും പർവതസമാനമായ തിരമാലകളെയും അതിജീവിക്കാനും മഞ്ഞുമലകളിൽ തട്ടി തകരാതിരിക്കാനും ഉതകും വിധം കെട്ടുറപ്പും, ഒപ്പം കാഴ്ചക്കാരുടെ മനം കുളിർപ്പിക്കുമാറ് ഭംഗിയുമുള്ളതാവണം ആ കപ്പൽ. അഥവാ പൈശാചിക ശക്തികളെ കീഴ്പ്പെടുത്തി മുന്നോട്ടുപോകാനും മറ്റുള്ളവരെ ആകർഷിക്കാനും കരുത്തുള്ളതാവണം നമ്മുടെ ജീവിതം. ആ കപ്പൽ ഇഹലോകത്തെ വൈതരണികളിൽ തട്ടി തകർന്നാൽ അതിന് നാം കനത്ത വില നൽകേണ്ടി വരും.

ദീർഘ യാത്രക്കൊരുങ്ങുന്ന ആൾ ഭക്ഷണം, വെള്ളം, വസ്ത്രം, മരുന്ന് തുടങ്ങി നിരവധി വസ്തുക്കൾ കൂടെ കരുതാറുണ്ട്. അവയൊന്നും ലഭ്യമാകാത്ത മേഖലയിലൂടെയുള്ള യാത്രയാവുമ്പോൾ വിശേഷിച്ചും. അപ്രകാരം സ്വർഗത്തിലേക്ക് ഒരുപാട് ദൂരം സഞ്ചരിക്കാനുണ്ട്. അങ്ങോട്ടുള്ള യാത്രയിൽ വിശ്വാസവും സൽകർമവുമാകുന്ന പാഥേയം വേണ്ടത്ര ഇല്ലെങ്കിൽ വഴിയിൽ തളർന്നുവീഴും. ലക്ഷ്യസ്ഥാനത്തെത്താനാവില്ല. അതിനാൽ പ്രസ്തുത പാഥേയം കഴിയുന്നത്ര ശേഖരിക്കാൻ പ്രവാചകൻ ഉദ്ബോധിപ്പിക്കുന്നു. സ്വർഗത്തിലേക്കുള്ള പാത പുഷ്പവൃഷ്ടി നടത്തുന്ന തണൽ മരങ്ങൾ നിറഞ്ഞതോ പരവതാനി വിരിച്ചതോ അല്ല. കുണ്ടും കുഴിയും മുള്ളും കുപ്പിച്ചില്ലുകളും നിറഞ്ഞ വഴിയിലൂടെ സഞ്ചരിച്ച് ദുർഘടമായ മലമ്പാതകൾ താണ്ടി വേണം അവിടെയെത്താൻ. അന്നേരം പാപങ്ങളുടെ ഭാണ്ഡവും പേറിയാണ് നാം യാത്ര ചെയ്യുന്നതെങ്കിൽ അധിക ദൂരം മുന്നോട്ട് പോകാനാവില്ല. ലക്ഷ്യത്തിലെത്താതെ നാശത്തിൽ പതിക്കലായിരിക്കും അതിന്റെ പരിണതി. മനുഷ്യനെന്ന നിലക്ക് തെറ്റുകൾ സംഭവിക്കും. പക്ഷേ അത് പരമാവധി ലഘൂകരിച്ചും വീഴ്ചകൾക്ക് പരിഹാരം ചെയ്തും മുന്നോട്ട് ഗമിച്ചാലേ അധികം പ്രയാസങ്ങളില്ലാതെ ലക്ഷ്യസ്ഥാനത്തെത്താനാവൂ എന്ന് പ്രവാചകൻ ഉണർത്തുന്നു. അപ്രകാരം തന്നെ, യഥാർഥ ജീവിത വിജയത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് കർമങ്ങളുടെ പ്രചോദനം. അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമാക്കി ചെയ്യുന്ന കർമങ്ങൾക്കേ അവൻ പ്രതിഫലം നൽകൂ. നമ്മുടെ ജീവിതത്തെ നിരൂപണം നടത്തുന്നവൻ സൂക്ഷ്മ ദൃക്കാണെന്ന പ്രവാചക വചനം നമ്മുടെ കർമങ്ങളുടെ പ്രതിഫലം നഷ്ടപ്പെടുത്തുന്ന ചേരുവകൾ ഒഴിവാക്കാനുള്ള മുന്നറിയിപ്പാണ്. ■

(ഇമാം ഇബ്നു ഹജറിൽ ഹൈതമി തന്റെ അസ്സവാജിർ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ളതാണ് ഈ ഹദീസ്.)